(സി) ഉണ്ട്.

(ഡി) & (ഇ) സമിതിയിൽനിന്നും വാർഷിക റിപ്പോർട്ടുകളൊന്നും ലഭിച്ചിട്ടില്ല.

വിദ്യാഭ്യാസ ജില്ല രൂപീകരണം

160 [743] *ശ്രീ. കെ. എൻ. എ. ഖാദർ:*
„ *ടി. പി. എം. സാഹിർ:*
„ *ഇസ്ഹാക് കുരിക്കൾ:*
„ *പി. കെ. കെ. ബാവ:*
„ *സി. മോയിൻകുട്ടി:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അദ്ധ്യാപകരുടെയും വിദ്യാർത്ഥികളുടെയും വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും ബാഹുല്യം കണക്കിലെടുത്ത് കൂടുതൽ വിദ്യാഭ്യാസ ജില്ലകൾ രൂപീകരിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഇതുവരെ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) & (ബി) ചില നിർദ്ദേശങ്ങൾ പരിഗണനയിലുണ്ട്. അന്തിമ തീരുമാനമായിട്ടില്ല.

കൊണ്ടോട്ടി വിദ്യാഭ്യാസ ജില്ല വിഭജനം

161 [744] *ശ്രീ. കെ. എൻ. എ. ഖാദർ:* താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊണ്ടോട്ടി വിദ്യാഭ്യാസ ജില്ല വിഭജിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതു സംബന്ധിച്ച് എന്ത് നടപടികളാണ് ഇതുവരെ സ്വീകരിച്ചതെന്നും ഇത് എന്ന് പൂർത്തീകരിക്കുമെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കൊണ്ടോട്ടി ആസ്ഥാനമായി വിദ്യാഭ്യാസ ജില്ല നിലവിലില്ല. എങ്കിലും കൊണ്ടോട്ടി ഉപജില്ല വിഭജിച്ച് വാഴക്കാട് ആസ്ഥാനമാക്കി പുതിയ ഉപജില്ല രൂപീകരിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതു സംബന്ധിച്ച് ലഭിച്ച നിവേദനം പരിശോധിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly